# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## GLPS Kaithakkolly

# ആമുഖം

പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസനയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ചരീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാകുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാനലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന മാസ്റ്റർ പ്ലാനുകൾ വിദ്യാലയങ്ങൾക്ക് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

പുതിയ വിദ്യാഭ്യാസവർഷത്തിൽ മികവിന്റെ പാതയിൽ എന്ന ദൃഢപ്രതിജ്ഞയോടെ പിടിഎ, എം.പിടിഎ, എസ്.ആർ.ജി, പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ ഇനിയും മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്രപുരോഗതിയ്ക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ മാസ്റ്റർപ്ലാൻ അതിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കും എന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.

# കാഴ്ചപ്പാട്

ഓരോ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ ഓരോ കുട്ടിയെയും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുകയും അവസര തുല്യതയും ഗുണത ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കുകയും ചെയ്യുന്നു. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാള ഭാഷകൾ ഫലപ്രദമായി വരുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള പഠനത്തിലൂടെ എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കുകയും അതുവഴി കുട്ടികൾക്ക് ഐടി നൈപുണി വർധിക്കുകയും ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുകയും ചെയ്യൽ. ഓരോ വ്യക്തിക്കും വിഭിന്നങ്ങളായ കഴിവുകളാണ് ഉള്ളത്. ഓരോ കുട്ടികളിലും അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബുകൾ പരിപോഷിപ്പിക്കൽ രൂപീകരിക്കൽ. പഠനത്തെ പരിസരബന്ധിയാക്കിക്കൊണ്ട് സ്കൂളിനെയും ചുറ്റുപാടുകളെയും ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കുകയും ചെയ്യൽ.

ഒരു കുട്ടിയുടെ ജീവിത വളർച്ചയുടെ അവിഭാജ്യ ഘടകമാണ് വിദ്യാലയങ്ങൾ. പ്രശ്നനിർഭരമായ ലോകത്തിലെല്ലാം ആത്മവിശ്വാസത്തോടെ അവയെ അഭിമുഖീകരിച്ച് മറികടക്കാനുള്ള എല്ലാ പിന്തുണയും ഒരുക്കേണ്ടതുണ്ട്. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, കുട്ടികൾ എന്നിവർക്ക് കൗൺസിലേഴ്സിന്റെ സേവനം ആവശ്യാനുസരണം ലഭ്യമാക്കൽ, പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുകയും പഠനപിന്നോക്കാവസ്ഥ

കാര്യങ്ങൾ വിശകലനം ചെയ്ത് കുട്ടികളുടെ പഠനനിലവാരം ഉയർത്തുക എന്നതിന് സവിശേഷ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കുകയും പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുകയും ചെയ്തുകൊണ്ട് എല്ലാവരെയും മികച്ച വായനക്കാരാക്കുകയും ചെയ്യൽ.

# വിദ്യാലയ ചരിത്രം

മെച്ചപ്പെട്ട സാമൂഹ്യജീവിതത്തിന് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ താഴെ തലപ്പുഴ വലിയ കോളനി കുറിച്യ സമുദായങ്ങളുടെ കാൽവെയ്പ്പുകളാണ് പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ തുടക്കം കുറിച്ചത്. ഇവരോടൊപ്പം മറ്റുള്ളവരും മുന്നിട്ടിറങ്ങിയതോടെ 1981ൽ ജി.എൽ.പി. സ്കൂൾ കൈതക്കൊല്ലിയ്ക്ക് സാക്ഷാത്ക്കാരമായി.

പശ്ചിമഘട്ട മലനിരകളിൽ ഏറ്റവും സാന്ദ്രമായ നിത്യഹരിതവനങ്ങൾ കാണപ്പെടുന്ന പേരിയ വനപ്രദേശത്തിന്റെ ഭാഗമാണ് കൈതക്കൊല്ലി. 18-ാം നൂറ്റാണ്ടിൽ വീരകേരള പഴശ്ശി രാജാവിനുവേണ്ടി പടപൊരുതിയ ആളുകൾ ധീരരായ കുറിച്യ പടയാളികൾ ഇവരായിരുന്നു ഈ പ്രദേശത്തെ ജനങ്ങൾ. ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും കാലാവസ്ഥാസ്വഭാവവും തിരിച്ചറിഞ്ഞ് ബ്രിട്ടീഷുകാർ സ്ഥാപിച്ചിരുന്ന എസ്റ്റേറ്റുകളാണ് പ്രദേശത്തെ കുടിയേറ്റത്തെയും ജനസഞ്ചാരത്തെയും സ്വാധീനിച്ചിരുന്ന മറ്റുഘടകങ്ങൾ. വളരെ അവികസിതമായ ഈ അന്തരീക്ഷത്തിൽ വിദ്യാഭ്യാസത്തെ കണ്ട കുറിച്യ സമുദായ അംഗങ്ങൾ തങ്ങളുടെ കോളനിയിൽ കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകുന്നതിന് ഒരു ആശാനെ കണ്ടെത്തി 70കളിൽ ആരംഭിച്ച ഈ പള്ളിക്കൂടത്തിന്റെ ചെലവ് അവർ തന്നെ വഹിച്ചു. ഇക്കാലത്ത് ട്രൈബൽ പ്രൊജക്ട് ഓഫീസറായിരുന്ന കെ. പാനൂരിന്റെ പ്രേരണയാൽ കോളനി നിവാസികളും പ്രദേശത്തെ മറ്റ് ആളുകളും ചേർന്ന് സ്കൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചു.

ശ്രീ. എം. ടി ചന്തു, വാർഡ്മെമ്പർ പി.പി. അലി മൊയ്തു താഴത്ത്, ചെല്ലപ്പൻ ആശാരി, അബ്ദുൾ ഖാദർ കാരളിക്കാട്ടിൽ ഉപ്പോനാൻ എന്നിവർ ഈ സാക്ഷാത്കാരത്തിന് നേതൃത്വം കൊടുത്തു. താഴെ തലപ്പുഴ വലിയ കോളനി മൂപ്പൻ കേളുവിന്റെ നേതൃത്വത്തിൽ കോളനി നിവാസികൾ യോഗം ചേർന്ന് തങ്ങളുടെ കൈവശം ഉണ്ടായിരുന്ന 2 ഏക്കർ സ്ഥലം സ്കൂളിന് വിട്ടു കൊടുത്തു. ഈ ആത്മാർത്ഥ ശ്രമങ്ങൾ ലക്ഷ്യത്തിലെത്തി. 1980 ൽ ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി സ്ഥാപിക്കാൻ ഉത്തരവിറക്കി. 1981ൽ ശ്രമദാനത്തിലൂടെ പണിത പുല്ലുമേഞ്ഞ ഷെഡ്ഡിൽ സ്കൂൾ ആരംഭിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. ശിവരാമൻ മാസ്റ്റർ ആയിരുന്നു. അന്ന് ഒന്നാം ക്ലാസിൽ പഠിക്കാനെത്തിയവരിൽ 16 വയസ്സുള്ള കുട്ടികളും ഉണ്ടായിരുന്നു. നാലഞ്ച് വർഷത്തോളം ഇവിടുത്തെ വിദ്യാർത്ഥികളിൽ പ്രായം കൂടിയവർ ഉണ്ടായിരുന്നു.

തുടക്കം മുതൽ തന്നെ ധാരാളം പ്രതിസന്ധികളെ അതിജീവിച്ചു കൊണ്ടാണ് സ്കൂൾ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോയത്. പ്രദേശത്ത് പുതുതായി വന്ന സ്വകാര്യ സ്കൂൾ ആനുകൂല്യങ്ങൾ നൽകി ഈ വിദ്യാലയത്തിലെ കുട്ടികളെ നിർബന്ധപൂർവ്വം അവരുടെ സ്ഥാപനത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിച്ചത് പ്രദേശവാസികൾ തടയുകയുണ്ടായി. തുടർന്നുണ്ടായ പോലീസ് കേസിനെയും ധീരതയോടെ അതിജീവിച്ചു. തുടക്കത്തിൽ 150 ഓളം കുട്ടികൾ പഠിതാക്കളായി ഉണ്ടായിരുന്നു. പിന്നീട് കുട്ടികളുടെ എണ്ണം കുറഞ്ഞു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ഗവ. എൽ. പി. സ്കൂൾ കൈതക്കൊല്ലി |
| വിലാസം | ചിറക്കര. പി.ഒ<br>തലപ്പുഴ, വയനാട്<br>670644 |
| ഫോൺ നമ്പർ | 9544710159 |
| വിദ്യാഭ്യാസ ഉപജില്ല | മാനന്തവാടി |
| ബി. ആർ. സി | മാനന്തവാടി |
| സി. ആർ. സി | തലപ്പുഴ |
| ഗ്രാമപഞ്ചായത്ത് | തവിഞ്ഞാൽ (വാർഡ് VI) |
| ബ്ലോക്ക് പഞ്ചായത്ത് | മാനന്തവാടി |
| ജില്ലാ പഞ്ചായത്ത് | വയനാട് |
| വില്ലേജ് | തവിഞ്ഞാൽ |
| ലോകസഭാമണ്ഡലം | വയനാട് |
| നിയമസഭാമണ്ഡലം | മാനന്തവാടി |
| ഇ-മെയിൽ | glpskaithakkolly@gmail.com |

## STRENGTH

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 4 | 3 | 7 |
| II | 4 | 2 | 6 |
| III | 3 | 4 | 7 |
| IV | 3 | 7 | 10 |
| ആകെ | 14 | 16 | 30 |

## STAFF POSITION

| | |
|---|---|
| HM | 1 |
| LPST | 3 |
| MENTOR | 1 |
| ARABIC | – |
| PTCM | 1 |
| TOTAL | 6 |

MALE: 1 FEMALE: 5

### പട്ടികജാതി

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 3 | 0 | 3 |
| II | 2 | 2 | 4 |
| III | 1 | 2 | 3 |
| IV | 2 | 1 | 3 |
| ആകെ | 8 | 5 | 13 |

### പട്ടികവർഗം

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 1 | 3 | 4 |
| II | 0 | 0 | 0 |
| III | 1 | 2 | 3 |
| IV | 1 | 6 | 7 |
| ആകെ | 3 | 11 | 14 |

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുന്നു.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.
* ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
* സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെയും, എം എസ്. എസ്. കെ.പി.യുടെയും ഭാഗമായി സ്കൂളിന്റെ തനത് പ്രവർത്തനങ്ങളായ GK star, easy english എന്നിവ നടപ്പിലാക്കുന്നു.
* ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പ് വരുത്തുക.
* ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട പഠനലക്ഷ്യങ്ങൾ ക്ലാസ്മുറികളിൽ എഴുതി പ്രദർശിപ്പിക്കുന്നു.
* ഒന്നാം ക്ലാസ് മുതൽ 1-10 ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ് ആർ ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
* വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിനുവേണ്ടി രക്ഷിതാക്കൾക്കും കുട്ടികൾക്കും വിവിധ പ്രവർത്തനങ്ങളൊരുക്കുന്നു. അമ്മവായന, കുട്ടിവായന.
* ആരോഗ്യകായികശേഷി വർധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
* ഹരിത ക്യാമ്പസ് – ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
* ഫലവൃക്ഷത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന്

വിദ്യാർത്ഥി കൂട്ടങ്ങൾ രൂപീകരിക്കൽ.

* ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെ ഉൾക്കാഴ്ചകൾ, ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ.
* സയൻസ് വിഷയങ്ങളോടുള്ള താൽപര്യം വർധിപ്പിക്കുന്ന പ്രോജക്ടുകളും ലഘു-പരീക്ഷണങ്ങൾ ചെയ്യുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകൽ

# അക്കാദമികം, ഭൗതികം, സാമൂഹികം

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- മികച്ച ലൈബ്രറി
- ഓരോ കുട്ടിക്കും അവരുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാകുന്നു.
- കലാകായിക പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് ഒ.എസ്.എസ്.ഐ പി. എന്നീ പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
- സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്നു.
- ജൈവവൈവിധ്യ ഉദ്യാനനിർമ്മാണം, കാർഷിക പ്രവൃത്തികൾ എന്നിവ കുട്ടികൾക്ക് ഒരുക്കൽ.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാ-ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- മികച്ച ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല.
- വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.
- മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സും പ്രവർത്തനങ്ങളും ആക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 15% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.
- കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് അതോടൊപ്പം വൈ-ഫൈ യും ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ച് നൽകാൻ പ്രയാസം നേരിടുന്നു.

## സാമൂഹികം.

വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

പൂർവവിദ്യാർത്ഥി സംഘടന, പൂർവ അധ്യാപക സംഘടന, എസ്.എം.സി, പി.ടി.എ തുടങ്ങിയവയുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും, എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികളും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ഭാഷാശേഷി ഉയർത്തുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

6. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. ഇംഗ്ലീഷ്, സ്വതന്ത്ര വായനയ്ക്കും, എഴുത്തിനും സജ്ജരാക്കുക.

4. സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക

5. ക്ലാസ് തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ശാസ്ത്ര പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക.

4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

5. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം.

1. ശുചിത്വം, ജനാധിപത്യം, എന്നിവയിൽ അവബോധമുള്ളവരായി കുട്ടികളെ വളരാൻ സഹായിക്കുക.

2. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

3. ഹരിതവിദ്യാലയം, ഹരിതജീവിതം എന്നിവയിൽ കുട്ടികൾക്ക് ബോധ്യം വളർത്തുക.

4. ജനാധിപത്യ ജീവിതം, സംസ്കാരം വളർത്തിയെടുക്കുക.

## ഗണിതം

1. അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## വിവര സാങ്കേതിക വിദ്യ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയുക്തമാക്കുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ പ്രയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യശീലങ്ങൾ വളർത്തുക.
3. "ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ" എന്ന ബോധ്യം കുട്ടികളിൽ വളർത്തുക.
4. വ്യക്തിശുചിത്വം, ആരോഗ്യം എന്നിവയിൽ അവബോധമുള്ളവരാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# വിലയിരുത്തൽ, രേഖപ്പെടുത്തൽ
# അക്കാദമിക മോണിറ്ററിങ്

## അക്കാദമിക് മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയമായ അവലോകനമാണ് അക്കാദമിക മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബോധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ നിരന്തരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനകളും പിന്തുണകളും തുടർന്നുള്ള

ഇടപെടലുകൾക്കും പ്രാധാന്യം നൽകുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ചിട്ടയായ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- അധ്യാപകർക്കിടയിലെ മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

## മോണിറ്ററിംഗ് ഉപാധികൾ

- UNIT WISE MONITORING FORMAT : പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
- PORTFOLIO EVIDENCE : കുട്ടികളുടെ പ്രവർത്തനങ്ങൾ ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ
- OBSERVATION TOOL : കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

## വിലയിരുത്തൽ

- കുട്ടികളുടെ പ്രതികരണങ്ങൾ, പഠനോപകരണങ്ങൾ പോർട്ട്ഫോളിയോ, നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ യഥാസമയം എഴുതിവച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ ഭാഷാ വികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.

• അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദേശം നൽകുക.

## FORMATIVE ASSESSMENT

വികാസപ്രദ വിലയിരുത്തൽ എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രതികരണശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ.

## വിലയിരുത്തൽ മാർഗ്ഗങ്ങൾ

• നിരീക്ഷണം

അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ.

• അഭിമുഖം

കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.

• റേറ്റിംഗ് സ്കെയിൽ

പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.

• പോർട്ട്ഫോളിയോ വിലയിരുത്തൽ

• പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിലാക്കുന്നു.

• ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.

## സമഗ്ര പുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതി ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടി സമഗ്രപുരോഗതി രേഖ (ഗ്രാന്റ് കാർഡ്) രൂപകൽപ്പന ചെയ്തിരിക്കുന്നത്. കേവലം പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ് സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസിക സ്ഥിതികൾ, ശാരീരിക ക്ഷമത തുടങ്ങിയവയെ സമാനമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒരു രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ പഠനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുന്നു.

## ഘടകങ്ങൾ

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ • വിലയിരുത്തൽ.
- കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ • പുതിയ ക്ലാസിലേക്ക് കൈമാറ്റം.

# പ്രവർത്തന പദ്ധതികൾ - മലയാളം

പ്രവർത്തനം : 1

പേര് : ഞാനും എന്റെ പുസ്തകവും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലവും സാഹിത്യാഭിരുചിയും വളർത്തുക. | പുസ്തകങ്ങൾ പരിചയപ്പെടുന്നതിനായി കുട്ടികൾക്ക് അവസരം ഒരുക്കുന്നു. അധ്യാപകരുടെ ലഘുവിവരണം. -എല്ലാ ക്ലാസ്സുകളിലും ക്ലാസ്സ് ലൈബ്രറി. | ആഴ്ചയിൽ ഒരു ദിവസം<br>ജൂൺ മുതൽ മാർച്ച് വരെ | സെബിൻ സർ<br>ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2

പേര് : ഉച്ചഭാഷിണി വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ ഓരോ കുട്ടിക്കും കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 3

പേര് : വായനക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥി വായനാശീലം വളർത്തുക<br>വിദ്യാർത്ഥികളെ സ്വാധീനിക്കാൻ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br>ക്ലാസ് റൂം പ്രവൃത്തിയിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രേറി<br>ക്ലാസ്സ് ടീച്ചർ. | 2000/- |

പ്രവർത്തനം : 4

പേര് : സ്കൂൾ ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥി വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | | |

പ്രവർത്തനം: 5

പേര് : ക്ലാസ് തല പതിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1000/- |

പ്രവർത്തനം : 6

പേര് : എന്റെ വായനാ കുറിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാ കാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകണം. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 1000/- |

## പ്രവർത്തനം: 7

**പേര് : രചനോത്സവം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാക്ലബ്ബ് | 1000/- |

## പ്രവർത്തനം: 8

**പേര് : സർഗവേള**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികളെയും അർഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (മികച്ച ക്ലാസ്സിൽ വായനാകാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകണം. | | | |

പ്രവർത്തനം : 9

പേര് : സചിത്ര പാഠങ്ങളുടെ രൂപീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയശേഷി കൈവരിക്കൽ. | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ | വിജി പി വി<br>രേഷ്മ ഗോപാലൻ | 1000/- |

പ്രവർത്തനം : 10

പേര് : അരങ്ങത്തേക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർധിപ്പിക്കും. വേദികളിൽ ആശയവിനിമയം നടത്താൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ കഥകൾ, സംഭാഷണങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും ഉൾപ്പെടുന്ന ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ<br>എസ്. ആർജി | 5000/- |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | 1000/- |

പ്രവർത്തനം : 2
പേര് : ഈസി ഇംഗ്ലീഷ്

തനത് പ്രവർത്തനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് അടിസ്ഥാനശേഷികൾ (LSRW) നേടുന്നതിന്, കുട്ടികളെ പ്രാപ്തരാക്കുക. | പ്രത്യേകം തയാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച്, കുട്ടികൾക്ക് വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | 1000/- |

പ്രവർത്തനം -3
പേര് : Reading Card Work Shop

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ഇംഗ്ലീഷ് റീഡിംഗ് കാർഡ് ശേഖരിക്കൽ നിർമ്മിക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ | 2000/- |

പ്രവർത്തനം : 4
പേര് : Worksheet Workshop

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | കുട്ടികൾക്കായി ആവശ്യമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം. | ജൂലൈ - മാർച്ച് | S.R.G. | 2000/- |

# ഗണിതം

പ്രവർത്തനം :-1
പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിതമൂല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്- | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ഒരുക്കൽ. (അബാക്കസ്, കളി നോട്ട്, കാർഡുകൾ തുടങ്ങിയവ | ജൂൺ | ക്ലാസ്ടീച്ചർ | 2000 |

പ്രവർത്തനം : 3

പേര് : യൂണിറ്റ് വിലയിരുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സ്വാംശീകരണ വിലയിരുത്തൽ |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉദ്ദേശ്യങ്ങൾ എത്രമാത്രം കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി. പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : ഗണിത ക്ലാസ് പി.ടി.എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സ്വാംശീകരണ വിലയിരുത്തൽ |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിതപഠനത്തിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിതം മധുരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും അറിയാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസരപഠനം

പ്രവർത്തനം : 1
പേര് : പരീക്ഷണകിറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുന്ന വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 300 |

പ്രവർത്തനം : 2

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, ക്ലാസ്സുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 2000/- |

പ്രവർത്തനം : 3

പേര് : മാതൃക പരീക്ഷണക്കുറിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന രീതിയിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | രണ്ടാം ടേം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 4
പേര് : പരിസ്ഥിതിഞോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലെക്കുള്ള താത്പര്യങ്ങളും, ഉത്സാഹവും, വളർത്തുക | ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും, കുട്ടികൾക്ക് അതിൽ പങ്കാളികളാകുവാനും ഉള്ള അവസരം | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1000/- |

പ്രവർത്തനം: 1
പേര്: ഫീൽഡ് ട്രിപ്പ്

## സാമൂഹികാവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകരമാകുന്ന സാമൂഹ്യസ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ് പഞ്ചായത്ത്, വില്ലേജ്, മൃഗാശുപത്രി മുതലായവയിലേക്ക് ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കൽ | ഒരോ മാസത്തിലും | [illegible] | 2000/- |

പ്രവർത്തനം : 2

പേര് : അതിഥിയെ അറിയൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളിൽ നിന്ന്. സംവാദം, ചർച്ച, എന്നിവയിലൂടെ വിവരങ്ങൾ ശേഖരിക്കൽ. | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 1000/- |

പ്രവർത്തനം : 3

പേര് : പ്രാദേശിക അറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്. സാംസ്കാരികമായ അറിവിന്റെ തനിമയും നിലനിർത്തുന്നതിന്. | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG. | |

# വിവരസാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : IT പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ | എല്ലാ മാസത്തിലും | PSITC | |

പ്രവർത്തനം : 2
പേര് : IT ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസര | IT, ICT പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | PSITC | |

# ആരോഗ്യ-കായിക-വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : കായികാരോഗ്യം (എയറോബിക്സ് എക്സർസൈസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അതിൽ ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | എയറോബിക്സ്, സുംബ, സ്കിപ്പിംഗ് പരിശീലനം, അത്‌ലറ്റിക് പരിശീലനം. | ജൂൺ-മാർച്ച് | HM<br>SRG<br>PTA | 5000 |

പ്രവർത്തനം : 2

പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പിരീഡിൽ ചെയ്യിക്കാൻ എക്സസൈസ് ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ. | ജൂൺ - മാർച്ച് | SRG | 1000 |

പ്രവർത്തനത്തിന്റെ പേര്: ലഹരി, മൊബൈൽ അഡിക്ഷൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ലഹരി ആസക്തിക ളെക്കുറിച്ചുള്ള ബോധവും പ്രതിരോധ ശേഷിയും വളർത്തുക | ബോധവത്ക്കരണ ക്ലാസുകൾ, വീഡിയോ പ്രദർശനം, പോസ്റ്റർ നിർമ്മാണം എന്നിവ വഴി കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നു. | ഇടനേരത്തിൽ | ആരോഗ്യവകുപ്പ് PSITC | |
| | | | | |
| | | | | |
| | | | | |